# പഠനത്തിനായി പാതയൊരുക്കാം

# മുന്നേറാം

സ്റ്റാൻഡേർഡ് 8

## മലയാളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) കേരളം

# ആമുഖം

മാനവരാശി അത്യപൂർവമായി അഭിമുഖീകരിക്കേണ്ടിവന്ന മഹാമാരികളിൽ ഒന്നാണല്ലോ കോവിഡ് 19. ഇതിന്റെ പശ്ചാത്തലത്തിൽ രണ്ടു വർഷത്തോളം സ്കൂളുകൾ തുറന്നുപ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ഔപചാരിക പഠനപ്രവർത്തനങ്ങൾക്ക് പ്രതിബന്ധം ഉണ്ടാവുകയും ചെയ്തു. സ്കൂളുകൾ അടച്ചിട്ടതു മൂലം ഓരോ പ്രായത്തിലും ഉള്ള കുട്ടികൾക്ക് ലഭിക്കേണ്ട സാമൂഹിക, വൈകാരിക, ബൗദ്ധിക തലങ്ങളിലെ വികാസത്തിനുള്ള അനുഭവങ്ങൾ ലഭിക്കാതെ പോയിട്ടുണ്ട്. എങ്കിലും ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്തവിധം ഡിജിറ്റൽ ക്ലാസുകൾ ഉറപ്പാക്കി ഇതിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്തി, കേരളം ലോകത്തിന് തന്നെ മാതൃകയായി. കോവിഡ് 19 മൂലം കുട്ടികളിൽ പൊതുവായി കാണുന്ന സാമൂഹിക വൈകാരിക പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതോടൊപ്പം കുട്ടികൾക്ക് ഉണ്ടായ പഠന വിടവുകളും അതുമൂലം ഉണ്ടായ പഠനപ്രയാസങ്ങളും കണ്ടെത്തി കൈത്താങ്ങ് നൽകേണ്ടതുണ്ട്. അതിനായിട്ടാണ് ഈ പ്രവർത്തനസഞ്ചയം പ്രസിദ്ധീകരിക്കുന്നത്. ഓരോ പ്രായഘട്ടത്തിലും കുട്ടികൾ ആർജിച്ചിരിക്കേണ്ട അനുഭവതലവും അതിനായി ഉണ്ടാകേണ്ട അടിസ്ഥാനധാരണകളും നേടിയിട്ടുണ്ടോ എന്ന് വിലയിരുത്തിയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ചിന്താപ്രക്രിയയും വിശകലനശേഷിയും സ്വാധീനിക്കുന്നവിധം വിവിധ മുന്നറിവുകൾ ഉപയോഗിച്ച് ബൗദ്ധികവികാസവും അതുവഴി ഭാഷാവികാസവും പരിപോഷിപ്പിക്കാനുള്ള ഒരു പദ്ധതിക്കാണ് ഇതിലൂടെ തുടക്കമിടുന്നത്.

**ഡയറക്ടർ**

**അധ്യാപകരോട്...**

പഠനപ്രവർത്തനങ്ങൾ വൈവിധ്യമാർന്ന ശേഷികളും ആശയ ധാരണകളും നേടുന്നതിന് അനുഗുണമായ വിധത്തിലുള്ള സർഗാത്മക പുനരനുഭവപ്രവർത്തനങ്ങൾ ആയാണ് തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം ആവശ്യമെങ്കിൽ മുൻകാലത്ത് ലഭ്യമാക്കിയിട്ടുള്ള എന്റെ മലയാളം, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പഠന സാമഗ്രികളിലെ പ്രവർത്തനങ്ങളും യഥോചിതം പ്രയോജനപ്പെടുത്താവുന്നതാണ്. മറ്റ് താഴ്ന്ന ക്ലാസു കൾക്കായി നല്കിയിട്ടുള്ള ചില പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ ഭാഷാശേഷീവികസന ത്തിനായി ഉപയോഗിക്കാവുന്നതാണ്.

യു.പി, ഹൈസ്കൂൾ തലങ്ങളിൽ അടിസ്ഥാനപാഠാവലി ആധാരമാക്കിയാണ് പ്രവർത്തനങ്ങൾ തയ്യാറാക്കിയിട്ടുള്ളതെങ്കിലും കേരളപാഠാവലിയുടെ ക്ലാസ്റൂം പ്രവർത്തന ങ്ങൾക്കു കൂടി അനുയോജ്യമായ രീതിയിൽ ഇതിലെ പ്രവർത്തനങ്ങളുടെ ഉള്ളടക്കത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രയോജനപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ വിവിധങ്ങളായ പഠനപ്രശ്നങ്ങളും പഠനവിടവുകളും പരിഹരിക്കുന്ന തിന് ശിശുകേന്ദ്രീകൃതവും പ്രക്രിയാധിഷ്ഠിതവും ജ്ഞാനനിർമ്മിതി സങ്കൽപ്പത്തിന് ഇണങ്ങുന്നതും നിരന്തരവിലയിരുത്തൽ സാധ്യതകൾ പരിഗണിക്കുന്നതുമായ പഠനരീതി യും സമീപനവുമാണ് സ്വീകരിക്കേണ്ടത്. വൈവിധ്യപൂർണ്ണമായ പഠനാനുഭവങ്ങളാണ് ഇതിനായി ആസൂത്രണം ചെയ്യേണ്ടത്. വൈകാരികമുഹൂർത്തങ്ങൾ, രസകരമായ സംഭവങ്ങൾ, നാടകീയതയുള്ള രംഗങ്ങൾ, കൗതുകം ഉണർത്തുന്ന കാര്യങ്ങൾ, ഭാവന ഉണർത്തുന്ന ഉള്ളടക്കം, താളാത്മകമായ ഭാഷ, ആകർഷകമായ അവതരണം ഇതെല്ലാം കുട്ടികൾക്ക് നൽകുന്ന പഠനപ്രവർത്തനങ്ങൾക്ക് ഉണ്ടായിരിക്കേണ്ട സവിശേഷതകളാണ്.

കുട്ടികൾക്ക് താല്പര്യമുള്ള പാട്ടുകൾ, ദൃശ്യങ്ങൾ, സിനിമാഭാഗങ്ങൾ/ഗാനങ്ങൾ, ഷോർട്ട് ഫിലിമുകൾ, നാടൻപാട്ടുകൾ, കലാകായിക പരിപാടികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആഡിയോ, വീഡിയോ പഠനസാമഗ്രികൾ മുതലായവ സർഗാത്മകമായി ക്ലാസിൽ പ്രയോജനപ്പെടുത്തണം. ടീച്ചറുടെ നിരന്തരവിലയിരുത്തലിനും ഒപ്പംതന്നെ സ്വന്തം പുരോഗതി സ്വയംവിലയിരുത്താനും കുട്ടിക്കും അവസരം ലഭിക്കണം. ഉള്ളടക്കപരമായി ഉണ്ടായ വിടവ് നികത്തുന്നതിന് വേണ്ടി പാഠഭാഗങ്ങളെ കൂടുതൽ വൈവിധ്യപൂർണ്ണമായ സാമഗ്രികൾ ഉപയോഗിച്ച് വിശകലനം ചെയ്യുന്നതിന് ഉതകുന്ന മികച്ച പുനരനുഭവങ്ങളും നൽകണം.

ഏറെ പിന്നാക്കം നിൽക്കുന്നവരെ ക്രമേണ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കാൻ അധ്യാപകർ ശ്രമിക്കണം. അതിന് ക്ലാസ്റൂം അന്തരീക്ഷം പ്രചോദനാത്മകവും പ്രോത്സാഹ ജനകവും ആകണം. കുട്ടികളുടെ ഭാഷയും ഭാവനയും സർഗാത്മകതയും വികസിക്കുന്ന വിധത്തിലുള്ള ഊർജ്ജസ്വലമായ അന്തരീക്ഷം ക്ലാസിലുണ്ടാവണം. എല്ലാ കുട്ടികൾക്കും വ്യക്തിഗതമായ ശ്രദ്ധ ലഭിക്കുന്നു എന്ന് പ്രത്യേകം ഉറപ്പുവരുത്തുകയും വേണം. അധ്യാപകന്റെ ഭാഷയിലും പെരുമാറ്റത്തിലും ഇടപഴകലിലും പിന്തുണയിലും എല്ലാം സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും വൈകാരികതലം കുട്ടിക്ക് അനുഭവപ്പെടണം.

അധ്യാപകന്റെ/അധ്യാപികയുടെ ബോർഡ് എഴുത്തും ചാർട്ട് എഴുത്തും മാതൃകാപരമാവണം. പാഠ പുസ്തകത്തിലെ ലിപി തന്നെ ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നത് നന്നായിരിക്കും. ഓരോ ടീച്ചറും പഴയതും പുതിയതുമായ ലിപികൾ ഇടകലർത്തി ഉപയോഗിക്കുന്നത് കുട്ടികൾക്ക് വലിയ ആശയക്കുഴപ്പം ഉണ്ടാക്കുന്നുണ്ട്. അത് കുട്ടിയുടെ എഴുത്തിലെ പിഴവുകൾക്ക് കാരണമാവുന്നുണ്ട് എന്ന് നാം തിരിച്ചറിയണം. ഓരോ കുട്ടിയുടെയും പഠനവേഗം, ശൈലി എന്നിവ വ്യത്യസ്തമാണ് എന്ന തിരിച്ചറിവ് എപ്പോഴും അധ്യാപകർക്ക് ഉണ്ടാവണം. ക്ഷമയോടുകൂടി അത്തരം സാഹചര്യങ്ങളെ മറികടക്കാൻ ശ്രമിക്കണം. കുട്ടിക്ക് കൂടുതൽ ഊർജ്ജവും ആത്മവിശ്വാസവും പകരണം. കുട്ടിയുടെ ഭാഷാപരമായ മികവുകളും പോരായ്മകളും മനസ്സിലാക്കി സഹായിക്കേണ്ടത് എങ്ങനെയെന്ന് രക്ഷിതാവിന് തിരിച്ചറിയാൻ കഴിയണം. കുട്ടിക്ക് വീട്ടിൽ ഒരുക്കേണ്ട വായനാനുഭവം, എഴുത്തനുഭവം, അവ മെച്ചപ്പെടുത്താനുള്ള എഡിറ്റിംഗ് എന്നിവ സംബന്ധിച്ച് ക്ലാസ് പി.ടി.എ, ഗൃഹസമ്പർക്കം തുടങ്ങിയ സന്ദർഭങ്ങളിൽ രക്ഷിതാക്കൾക്ക് പ്രായോഗികധാരണ നൽകണം. ഭിന്നശേഷി കുട്ടികൾക്കായുള്ള അനുരൂപീകരണ പ്രവർത്തനങ്ങൾ ഓരോ കുട്ടിക്കും അനുയോജ്യമായ വിധത്തിൽ വ്യക്തിഗത സവിശേഷതകൾ കൂടി പരിഗണിച്ചാണ് വിനിമയം ചെയ്യേണ്ടത്. ഇതിനായി റിസോഴ്സ് അധ്യാപകരുമായിച്ചേർന്ന് പ്രത്യേക ആസൂത്രണം നടത്തേണ്ടതാണ്.

വാചിക, ലിഖിത പ്രകടനങ്ങളിൽ ആത്മവിശ്വാസം വളരുന്നതിനായി കൂട്ടായി വായിക്കാനും എഴുതാനുമുള്ള അവസരങ്ങൾ ക്ലാസിൽ ഒരുക്കണം അതിനൊപ്പം പരസ്പരം വിലയിരുത്താനും പരസ്പരം സഹായിച്ച് മെച്ചപ്പെടുത്താനുമുള്ള മനോഭാവവും കുട്ടികളിൽ സൃഷ്ടിക്കണം.

പഠനപ്രയാസമനുഭവിക്കുന്ന കുട്ടികളുടെ എഴുത്തുപുസ്തകം കഴിയുന്നതും എല്ലാ ദിവസവും ടീച്ചർ വിലയിരുത്തുകയും ആവശ്യമായ പിന്തുണകൾ നൽകുകയും ചെയ്യണം. അവരുടെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന നേരിയ പുരോഗതി പോലും പ്രത്യേകം എടുത്തുപറഞ്ഞു അഭിനന്ദിക്കണം. നോട്ടുപുസ്തകത്തിൽ അഭിനന്ദനവാക്യങ്ങൾ, നക്ഷത്ര ചിഹ്നങ്ങൾ പോലെയുള്ള പ്രോത്സാഹനമുദ്രകൾ എന്നിവയും രേഖപ്പെടുത്തുന്നത് ഏറെ പ്രചോദനം നൽകും.

ഈ ഭാഗം എട്ടാം ക്ലാസിലെ കുട്ടികൾക്കായിട്ടുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഇതിലെ പ്രവർത്തനങ്ങൾ മാതൃകയായി കണ്ടുകൊണ്ട് ഓരോ പ്രദേശത്തിനും കുട്ടികളുടെ നിലവാരത്തിനും അനുസരിച്ച് അധ്യാപകർ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ട താണ്. എട്ടാം ക്ലാസിലെ വായന, ലേഖനം എന്നിവയ്ക്ക് പുറമേ വ്യവഹാരരൂപങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. പദഘടന, വാക്യഘടന, ചിഹ്നനം, പദങ്ങളുടെ ഔചിത്യം, ആശയ സമഗ്രത, കൃത്യത, വ്യക്തത, ഖണ്ഡികാകരണം എന്നിവ പാലിച്ച് രചനകൾ നിർവഹിക്കുന്ന തിനുള്ള പ്രവർത്തനങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ആസ്വദനത്തിനും സർഗാത്മക തയ്ക്കും സ്വതന്ത്ര ചിന്തയ്ക്കും പ്രാധാന്യമുള്ള പ്രവർത്തനങ്ങളും കാണാം കവിത, കഥ തുടങ്ങിയ രചനകൾ ഭാവം, താളം, ഈണം ഉൾക്കൊണ്ട് വായിക്കുന്നതിനും ആസ്വാദ നാംശങ്ങൾ തിരിച്ചറിഞ്ഞ് ആസ്വാദിക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ കുട്ടികളിൽ ചില മൂല്യങ്ങളും മനോഭാവങ്ങളും വികസിക്കാൻ ഉതകുന്ന ഭാഷാപഠനപ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ചില കുട്ടികൾക്കെങ്കിലും അക്ഷരത്തിലും പദതലത്തിലും വാക്യതലത്തിലും ഉള്ള പഠനപ്രയാസങ്ങൾ കണ്ടെത്തി യിട്ടുണ്ട്. ഇത് പരിഹരിക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കേണ്ടതാണ്. എല്ലാ അധ്യാപ കരുടെയും ആത്മാർഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

## ക്ലാസ് 8

### പ്രവർത്തനം 1

### കഥ കേൾക്കാം
### കഥ പറയാം

**ശേഷികൾ, ധാരണകൾ**

- മാതൃഭാഷയുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്
- വികാരപ്രകടനത്തിന് ഏറ്റവും ഉചിതം മാതൃഭാഷയാണെന്ന് തിരിച്ചറിയുന്നതിന്

ഹാ മലയാളമേ നീയില്ലയെങ്കിലീ
ജീവിതമെത്ര നിരർഥം!
നീയില്ലയെങ്കിലെന്നാനന്ദമി,ല്ലെന്റെ
വേദനയ്ക്കില്ലൊരു ഭാഷ.
നീയെന്റെ കാഴ്ചയും കേൾവിയും ചിന്തയും
നീയെൻ വികാര,മെൻ സ്വപ്നം
നീ മഴ പോലെന്നിൽ വാക്കുകൾ പെയ്യുന്നു
നീയേ വെയിലും നിലാവും
നീ വേര്, നീ ചെടി, നീ പൂവ്, നീ ഫലം,
നീ തന്നെ ഭാവി തൻ വിത്തും.
നീ കടൽ പോലെ തിരയടിച്ചെത്തുന്നു
നീ കറങ്ങീടുന്നു കാറ്റായ്.
..........................................

(ഹാ മലയാളമേ
സച്ചിദാനന്ദൻ)

അധ്യാപിക സച്ചിദാനന്ദന്റെ ഹാ മലയാളമേ എന്ന കവിതയിലെ നിശ്ചിത ഭാഗം ചൊല്ലുന്നു.

കുട്ടികൾ ശ്രദ്ധയോടെ കേൾക്കുന്നു. കവിത ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.

ഈ കവിതയിൽ സൂചിതമായിട്ടുള്ള ആശയം എന്താണെന്ന് ചോദിക്കുന്നു.

ക്ലാസിനെ ബെഞ്ച്ഗ്രൂപ്പായി തിരിച്ച് ആശയം കണ്ടെത്താൻ ആവശ്യപ്പെടുന്നു.

തുടർന്ന് കണ്ടെത്തിയ ആശയം ഗ്രൂപ്പടിസ്ഥാനത്തിൽ അവതരിപ്പിക്കുന്നു.

ഗ്രൂപ്പിന്റെ അവതരണവും മറ്റ് ഗ്രൂപ്പുകളുടെ കൂട്ടിച്ചേർക്കലും.

തുടർന്ന് മികവിന്റെ കാരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

| |
|---|
| മലയാളമാണ് നമ്മുടെ മാതൃഭാഷ. ഭാഷയില്ലെങ്കിൽ ജീവിതത്തിന് യാതൊരു അർഥവുമില്ല. വികാരങ്ങൾ പങ്കുവയ്ക്കുന്നത് മാതൃഭാഷയിലൂടെയാണ്. കാഴ്ചയും കേൾവിയും ചിന്തയും സ്വപ്നങ്ങളും എല്ലാം പങ്കുവയ്ക്കാൻ മലയാളം തന്നെ വേണം. ഭാഷ എന്നിലേക്ക് മഴ പോലെ വാക്കുകൾ ചൊരിയുന്നു. വെയിലും നിലാവും വേരും ചെടിയും പൂവും ഫലവും ഭാവിയിലേക്കുള്ള വിത്തുമെല്ലാം നമ്മുടെ മാതൃഭാഷ തന്നെയാണ് |

**പ്രവർത്തനക്കാർഡ്**

- ഭാഷയുമായി ബന്ധപ്പെട്ട മലയാള കവിതകൾ/രചയിതാക്കൾ എന്നിവരെ കണ്ടെത്തി ലിസ്റ്റ് ചെയ്യുക.

**പ്രവർത്തനം 2**

**കഥ പറയാം**
**കഥ അറിയാം**

**ശേഷികൾ, ധാരണകൾ**

- ഭാവം ഉൾക്കൊണ്ട് കഥ അവതരിപ്പിക്കുന്നതിന്
- സ്വരചിഹ്നങ്ങൾ ചേർത്ത് കഥ പൂർത്തിയാക്കുന്നതിന്
- അർഥപൂർണമായി കഥ എഴുതി തയ്യാറാക്കുന്നതിന്

കൂട്ടുകാരേ

ജീവിതത്തിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് നമ്മൾ അറിഞ്ഞുവല്ലോ.

കഥ കേൾക്കാൻ നിങ്ങൾക്ക് ഇഷ്ടമല്ലേ ?

മുൻ ക്ലാസുകളിൽ നിരവധി കഥകൾ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്.

അങ്ങനെയാണെങ്കിൽ നിങ്ങൾ പഠിച്ച ഏതെങ്കിലും കഥകളുടെ പേരും അവയുടെ രചയിതാക്കളെയും കണ്ടെത്താമോ?

കുട്ടികൾ പറയുന്നു. അധ്യാപിക ചാർട്ടിൽ ലിസ്റ്റ് ചെയ്യുന്നു.

അങ്ങനെയാണെങ്കിൽ ഞാൻ നിങ്ങളോട് ഒരു കഥ പറയാം...

(ഭാവം, ശബ്ദക്രമീകരണം.... എന്നിവ ഉൾക്കൊണ്ട് അധ്യാപിക കഥ അവതരിപ്പിക്കുന്നു.)

> പണ്ടു പണ്ടു പണ്ട്.... ഒരിടത്തൊരിടത്ത് ഒരു പൂച്ചയും ഒരു കുരുവിയും ഉണ്ടായിരുന്നു. അവർ വലിയ കൂട്ടുകാരായിരുന്നു. പുഴക്കരയിലുള്ള ഒരു വീട്ടിലായിരുന്നു അവർ താമസിച്ചിരുന്നത്. കിട്ടുന്ന ആഹാരം അവർ പങ്കുവച്ച് കഴിക്കുമായിരുന്നു. അങ്ങനെയിരിക്കെ വലിയൊരു മഴക്കാലം വന്നു. പകലും രാത്രിയും മഴയോട് മഴ തന്നെ. കാറ്റും ഇടിയും മഴയും കാരണം പൂച്ചയും കുരുവിയും തണുത്തുവിറച്ചു. പുഴകളായ പുഴകളും വഴികളുമെല്ലാം വെള്ളത്താൽ നിറഞ്ഞു. ഇടിയും മഴയും ഇരുട്ടും അവരെ വല്ലാതെ പേടിപ്പിച്ചു.
>
> രണ്ടുമൂന്ന് ദിവസം കഴിഞ്ഞപ്പോൾ മഴയൊന്നു കുറഞ്ഞു. ഈ തക്കത്തിന് കുരുവി പതുക്കെപ്പതുക്കെ മുറ്റത്തേക്കിറങ്ങി. പെട്ടെന്നാണ് അത് സംഭവിച്ചത്. വെള്ളം നിറഞ്ഞു കിടന്ന ഒരു കുഴിയിലേക്ക് കുരുവി വീണുപോയി. വെള്ളത്തിൽക്കിടന്ന് ''രക്ഷിക്കണേ രക്ഷിക്കണേ'' എന്ന് വിളിച്ച് കുരുവി കരഞ്ഞു.
>
> കുരുവിയുടെ കരച്ചിൽ കേട്ട് പൂച്ച മുറ്റത്തേക്ക് ഓടി വന്നു. വെള്ളത്തിലേക്ക് എടുത്തുചാടി കുരുവിയെ മരണത്തിൽ നിന്ന് രക്ഷിച്ചു. തന്റെ ജീവൻ രക്ഷിച്ച പൂച്ചയോട് സന്തോഷത്തോടെ കുരുവി പറഞ്ഞു: '' നീയാണ് യഥാർഥ കൂട്ടുകാരൻ.''

അധ്യാപികയുടെ അവതരണത്തെ തുടർന്ന് സ്വരവ്യഞ്ജന ചിഹ്നങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള കഥയുടെ പ്രിന്റ് ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുന്നു.

> പണ്ട പണ്ട പണ്ട....
>
> ഒര ട ത്തര ടത്ത ഒര പ ച്ചയ ഒര ക ര വ യ ഉണ്ട യ ര ന്ന . അവർ വല യ ക ട്ട ക ര യ ര ന്ന . പ ഴക്കരയ ള്ള ഒര വ ട്ട ല യ ര ന്ന അവർ ത മസ ച്ച ര ന്നത ക ട്ട ന്ന ആഹ ര അവർ പങ്ക വച്ച കഴ ക്ക മ യ ര ന്ന . അങ്ങ നയ ര ക്ക വല യ ര മഴക്ക ല വന്ന . പകല ര ത യ മഴ യ ട മഴ ത ന്ന. ക റ്റ ഇട യ മഴയ ക രണ പ ച്ചയ ക ര വ യ തണ ത്ത വ റച്ച . പ ഴകള യ പ ഴകള വഴ കള മല്ല വള്ളത്ത ൽ ന റഞ്ഞ . ഇട യ മഴയ ഇര ട്ട അവ ര വല്ല ത പട പ്പ ച്ച . രണ്ട മ ന്ന ദ വസ കഴ ഞ്ഞ പ്പ ൾ മഴ യ ന്ന ക റഞ്ഞ . ഇ തക്കത്ത ന ക ര വ പത ക്ക പ്പ ത ക്ക മ റ്റ ത്തക്ക റങ്ങ . പ ട്ടന്ന ണ അത സ ഭവ ച്ചത . വള്ള ന റഞ്ഞ ക ടന്ന ഒര ക ഴ യ ലക്ക ക ര വ വ ണ പ യ . വള്ളത്ത ൽ ക ടന്ന രക്ഷ ക്ക ണ രക്ഷ ക്ക ണ എന്ന വ ള ച്ച ക ര വ കരഞ്ഞ . ക ര വ യ ട കരച്ച ൽ കട്ട പ ച്ച മ റ്റ ത്തക്ക ഒ ട വന്ന . വള്ളത്ത ലക്ക എട ത്ത ച ട ക ര വ യ മരണത്ത ൽ ന ന്ന രക്ഷ ച്ച . ത ന്റ ജ വൻ രക്ഷ ച്ച പ ച്ച യ ട സ ന്ത ഷ ത്ത ട ക ര വ പറഞ്ഞ . ന യ ണ യഥ ർഥ ക ട്ട ക രൻ.

നിങ്ങൾക്ക് ലഭിച്ചിട്ടുള്ള കഥയുടെ പ്രിന്റിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ എന്ന് ചോദിക്കുന്നു.

ചിഹ്നങ്ങളില്ലെന്ന് കുട്ടികൾ മറുപടി പറയുന്നു.

അധ്യാപിക സ്വരവ്യഞ്ജന ചിഹ്നങ്ങൾ ചേർത്ത് കഥ പൂർത്തിയാക്കാൻ ആവശ്യപ്പെടുന്നു.

**പ്രവർത്തനക്കാർഡ്**

- സ്വരവ്യഞ്ജന ചിഹ്നങ്ങൾ ചേർത്ത് മുകളിൽ നൽകിയിട്ടുള്ള കഥ പൂർത്തിയാക്കൽ.

കുട്ടികൾ സ്വരചിഹ്നം ചേർത്ത് എഴുതി പൂർത്തിയാക്കിക്കഴിഞ്ഞാൽ പരസ്പരം വിലയിരുത്താൻ ആവശ്യപ്പെടുന്നു.

തുടർന്ന് അധ്യാപിക സ്വരവ്യഞ്ജന ചിഹ്നങ്ങൾ, ഹ്രസ്വദീർഘങ്ങളുടെ ഉച്ചാരണം എന്നിവ വിശദീകരിക്കുന്നു.

**തുടർപ്രവർത്തനങ്ങൾ**

1. കഥയ്ക്ക് വ്യത്യസ്തവും രസകരവുമായ പരമാവധി തലക്കെട്ടുകൾ എഴുതുക.
2. കഥയിലെ കഥാപാത്രങ്ങൾക്ക് പേര് നൽകുക.
3. സ്വരചിഹ്നങ്ങൾ ചേർത്ത് താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക പൂർത്തിയാക്കുക.

ചനത്തലകൾ ഏ തത ക ലത്ത  നടണ മന്ന ള്ള ക ര ത്ത ൽ  മർ ക്ക സ ചട്ടന വളരെ നിശ്ചയമ ണ്ട  .  അയ ൾ  ഒര  നല്ല  ക ഷ ക്ക രന ണ  .  എല്ല കൾ  ഉന്ത ന ൽക്ക ന്ന  ആ ശര രവ  വളഞ്ഞ  ന ട്ടല്ല  ഒട്ട യ  കവ ള  ക ഴ ഞ്ഞ  കണ്ണ അർധ നഗ്നമ യ  ശര രവ  ഒറ്റ ന ട്ടത്ത ൽത്ത ന്ന  അയ  ള  ഒര  ക ഷ ക്ക ര നന്ന  വ ള ച്ച പറയ  .

(ആ വ ഴ വ ട്ട

പ ൻ ക ന്ന വ ർ ക്ക)

**പ്രവർത്തനം 3**

**കഥയറിയാം**
**കഥയെഴുതാം**

**ശേഷികൾ, ധാരണകൾ**

- ഇഷ്ടപ്പെട്ട വിഷയങ്ങളെക്കുറിച്ച് ഭയമില്ലാതെ സംസാരിക്കാനുള്ള കഴിവ് നേടൽ
- മറ്റൊരാൾ പറയുന്ന ആശയങ്ങൾ അറിയാനും മനസ്സിലാക്കാനുമുള്ള കഴിവ് നേടൽ

- തെറ്റു കൂടാതെ വായിക്കാനുള്ള കഴിവ് നേടൽ
- വായിച്ചതിലെ ആശയങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നേടൽ
- സർഗാത്മക രചനയിൽ ഏർപ്പെടാനുള്ള കഴിവ് നേടൽ

കൂട്ടുകാരേ

സ്വരവ്യഞ്ജന ചിഹ്നങ്ങൾ ചേർത്ത് ഒരു കഥ നമ്മൾ പൂർത്തിയാക്കിയല്ലോ. അതോടൊപ്പം കഥയ്ക്കും കഥാപാത്രങ്ങൾക്കും പേര് നൽകുകയും ചെയ്തു.

ഇനി കൂട്ടുകാരായ പൂച്ചയെയും കുരുവിയെയും കഥാപാത്രങ്ങളാക്കി മറ്റൊരു കഥ എഴുതി നോക്കൂ. പുതിയ കഥാപാത്രങ്ങളെ ആവശ്യമെങ്കിൽ കൂട്ടിച്ചേർക്കൂ.... തലക്കെട്ട് നൽകൂ....

**പ്രവർത്തനക്കാർഡ്**

കഥയെഴുത്ത്

വിഷയം : കുരുവിയും പൂച്ചയും സ്കൂളിലെത്തിയാൽ

കുട്ടികൾ കഥ പൂർത്തിയാക്കുന്നു. തുടർന്ന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഒന്നോരണ്ടോ കുട്ടികൾ വായിക്കുന്നു. വിലയിരുത്തലിലൂടെ മികച്ച കഥകൾ കണ്ടെത്തുന്നു. തുടർന്ന് മികവിന്റെ കാരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

**അധ്യാപിക ശ്രദ്ധിക്കാൻ**

- സ്വരചിഹ്നങ്ങളുടെ ഉപയോഗം, ചിഹ്നനം, ഖണ്ഡികാകരണം, ആശയപൂർണത, ഭാവനയും സർഗാത്മകതയും തുടങ്ങിയ സൂചകങ്ങൾ അടിസ്ഥാനമാക്കി വിലയിരുത്തൽ നടത്തണം.
- ചിഹ്നനം, ഖണ്ഡികാകരണം എന്നിവയെക്കുറിച്ച് കുട്ടികൾക്ക് കൃത്യമായ ധാരണ നൽകണം.
- ഗൃഹപാഠം വിലയിരുത്തി കൈത്താങ്ങ് നൽകണം.

**തുടർപ്രവർത്തനം**

- ചിഹ്നങ്ങൾ ചേർത്ത് കൃത്യതപ്പെടുത്തുക

ഒരാൾക്കു മാത്രം അതു കഴിയും ഒരാൾക്കുമാത്രമതു കഴിയും എന്ന് സ്വയം ഉരുക്കഴിച്ചു നിർന്നിമേഷനായിരിക്കുന്ന കൃഷ്ണനോടു സന്ദേഹഭാവത്തിൽ കർണൻ പറഞ്ഞു

**(ധർമ്മിഷ്ഠനായ രാധേയൻ**

**പി.കെ.ബാലകൃഷ്ണൻ)**

**പ്രവർത്തനം 4**

**വായിക്കാം**
**അറിയാം**

**<u>ശേഷികൾ, ധാരണകൾ</u>**

- കഥകൾ ഭാവം ഉൾക്കൊണ്ട് വായിക്കുന്നതിന്
- ആശയം ഉൾക്കൊള്ളുന്നതിന്
- ശബ്ദക്രമീകരണത്തോടുകൂടി വായിക്കുന്നതിന്
- ഉച്ചാരണ സ്ഫുടതയോടെ വായിക്കുന്നതിന്
- വൈകാരികാംശങ്ങൾ ഉൾക്കൊണ്ട് വായിക്കുന്നതിന്

കൂട്ടുകാരേ

കഥ എഴുതുകയും ചിഹ്നങ്ങൾ ചേർത്ത് അത് പൂർത്തിയാക്കുകയും ചെയ്തുവല്ലോ.

ഇനി നമുക്ക് ശ്രീ.പി.സുരേന്ദ്രന്റെ 'അമ്മമ്മ' എന്ന ഓർമ്മക്കുറിപ്പിൽ നിന്ന് ഒരു ഭാഗം വായിച്ചാലോ.

അധ്യാപിക നിശ്ചിത ഭാഗം ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിക്കുന്നു.

തുടർന്ന് ഇതേ ഭാഗത്തിന്റെ ഓഡിയോ വായന കേൾപ്പിക്കുന്നു.

ഓഡിയോ വായന - ഭാഗ്യലക്ഷ്മി

ഈ ഓഡിയോ വായനയ്ക്ക് എന്തൊക്കെ പ്രത്യേകതകളാണുള്ളത് ?

കുട്ടികളോട് കണ്ടെത്താൻ ആവശ്യപ്പെടുന്നു. അധ്യാപികയുടെ സഹായത്തോടെ കുട്ടികൾ കണ്ടെത്തുന്നു. അധ്യാപിക ചാർട്ടിൽ കുറിക്കുന്നു.

തുടർന്ന് കുട്ടികൾക്ക് വായിക്കാനായി അമ്മമ്മയിലെ മറ്റൊരു ഭാഗം നൽകുന്നു.

ഗ്രൂപ്പടിസ്ഥാനത്തിൽ ഒന്നോരണ്ടോ കുട്ടികൾ ശ്രാവ്യവായന നടത്തുന്നു.

ഒരു ഗ്രൂപ്പ് വായിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. ഏറ്റവും നന്നായി വായിച്ച ഗ്രൂപ്പിനെ അഭിനന്ദിക്കുന്നു.

**പ്രവർത്തനക്കാർഡ്**

- നിങ്ങൾക്ക് ഇഷ്ടമുള്ള കൃതിയിൽ നിന്ന് നിശ്ചിതഭാഗം വായിച്ച് ക്ലാസ്ഗ്രൂപ്പിൽ ഷെയർ ചെയ്യുക.

**അധ്യാപികയ്ക്കുള്ള നിർദ്ദേശങ്ങൾ**

ഭാവവും ആശയവും ഉൾക്കൊണ്ട് ശബ്ദക്രമീകരണത്തോടെയുള്ള ക്ലാസ്റൂം വായനയെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തങ്ങൾ നിരന്തരം സംഘടിപ്പിക്കണം.

**പ്രവർത്തനം 5**

**വാക്യങ്ങളറിയാം**
**വാക്യങ്ങൾ നിർമ്മിക്കാം**

**ശേഷികൾ, ധാരണകൾ**

- തെറ്റു കൂടാതെ വായിക്കാനുള്ള ശേഷി നേടുന്നതിന്
- തെറ്റു കൂടാതെ വാക്യം നിർമിക്കാനുള്ള ശേഷി നേടുന്നതിന്
- അർഥവ്യത്യാസം വരാതെ മഹാവാക്യങ്ങളെ ലഘുവാക്യങ്ങളാക്കുന്നതിന്
- അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളെ മഹാവാക്യങ്ങളാക്കുന്നതിന്
- ലഘുവാക്യങ്ങൾ കൂടിച്ചേരുമ്പോഴും മഹാവാക്യങ്ങൾ ലഘൂവാക്യങ്ങളാകുമ്പോഴുമുണ്ടാകുന്ന മാറ്റങ്ങൾ തിരിച്ചറിയുന്നതിന്.

കൂട്ടുകാരേ

ഇന്ന് നമുക്ക് വാക്കുകൾ ചേർത്തു വച്ച്

വാക്യങ്ങൾ നിർമ്മിക്കുന്ന ഒരു കളിയായാലോ?

(താഴെ കളങ്ങളിൽ കൊടുത്തിട്ടുള്ള വാക്കുകൾ ചാർട്ട് പേപ്പറിൽ എഴുതി ചരടുകെട്ടി ഒരു കുട്ടിയുടെ കഴുത്തിൽ ഒന്ന്വീതം അണിയിക്കുന്നു.)

| | | | |
|---|---|---|---|
| കുട്ടിക്കാലം | ആരോടും | വഴക്കില്ലാത്ത | കാലമാണ് |
| എന്റെ | പിതാവിനും | രോഗമുണ്ട് | |
| മർക്കോസ് | ചേട്ടൻ | നല്ല | കൃഷിക്കാരനാണ് |
| നടക്കുമ്പോൾ | എണ്ണ | തുളുമ്പിപ്പോകാതെ | സൂക്ഷിക്കണം |
| മനുഷ്യനെയാണോ | ഏറ്റവും | പേടിക്കേണ്ടത് | |

ചാർട്ടുകൾ അണിഞ്ഞ കുട്ടികൾ ക്ലാസിൽ പല ഭാഗങ്ങളിലായി നിൽക്കുന്നു.

അധ്യാപിക മറ്റു കുട്ടികളോട് ഈ വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ കണ്ടെത്താൻ ആവശ്യപ്പെടുന്നു. കുട്ടികൾ വാക്യങ്ങൾ കണ്ടെത്തുന്നു. അതിനനുസരിച്ച് ക്ലാസിലെ പല ഭാഗങ്ങളിൽ ചാർട്ട് കഴുത്തിൽ അണിഞ്ഞുനിന്ന കുട്ടികൾ മുന്നിലേക്കെത്തി വാക്യങ്ങൾ പൂർത്തിയാക്കുന്നു.

തുടർന്ന് മഹാവാക്യങ്ങളിലെ ഓരോ വാക്കും എഴുതിയ ചാർട്ട് കഷണങ്ങൾ ഇതുപോലെ കുട്ടികൾക്ക് നൽകുന്നു.

വാക്യങ്ങൾ നിർമിക്കാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ ഇതേ കളിയിലൂടെ മഹാവാക്യങ്ങൾ നിർമ്മിക്കുന്നു. തുടർന്ന് ഈ മഹാവാക്യത്തെ രണ്ടു ലഘു വാക്യമാക്കാൻ കഴിയുമോ എന്ന് അധ്യാപിക ചോദിക്കുന്നു. കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ അധ്യാപികയുടെ സഹായത്തോടെ രണ്ട് ലഘുവാക്യമാക്കുന്നു. ലഘുവാക്യങ്ങളാക്കുമ്പോൾ നിപാതം, സമുച്ചയം എന്നിവ ഉപയോഗിക്കേണ്ടതുണ്ട്. അവ മുൻകൂട്ടി ചാർട്ടുകളിൽ ഇതേ മാതൃകയിൽ തയ്യാറാക്കി കുട്ടികൾക്ക് നൽകാൻ ശ്രദ്ധിക്കണം.

**അധ്യാപികയ്ക്കുള്ള നിർദ്ദേശങ്ങൾ**

ആവശ്യമുള്ള ചാർട്ടുകൾ മുൻകൂട്ടി തയ്യാറാക്കിയിരിക്കണം.

ലഘുവാക്യം, മഹാവാക്യം എന്നിവയെക്കുറിച്ച് കുട്ടികൾക്ക് കൃത്യമായ ധാരണ നൽകണം. നിപാതം, സമുച്ചയം എന്നിവയെയും അവയുടെ പ്രയോഗത്തെക്കുറിച്ചും കുട്ടിക്ക് ധാരണയും ശേഷിയും രൂപപ്പെടുത്തണം. ക്ലാസ്റൂം സാഹചര്യത്തിനനുസരിച്ച് തുടർപ്രവർത്തനങ്ങൾ നിരന്തരം നടത്തണം. വ്യത്യസ്ത നിലവാരത്തിലുള്ള ഉദാഹരണങ്ങൾ നൽകണം.

**പ്രവർത്തനക്കാർഡ് 1**

- ലഘുവാക്യങ്ങൾ അർഥവ്യത്യാസം വരാതെ മഹാവാക്യങ്ങളാക്കുക.

**പ്രവർത്തനക്കാർഡ് 2**

- മഹാവാക്യങ്ങൾ അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കുക.

## പ്രവർത്തനം 6

## കഥാപാത്രങ്ങളെ അറിയാം
## കഥാപാത്ര നിരൂപണം തയ്യാറാക്കാം

**ശേഷികൾ, ധാരണകൾ**

- കഥാപാത്രങ്ങളെ തിരിച്ചറിയുന്നതിന്.
- കഥാപാത്രത്തിന്റെ കഥയിലെ സ്ഥാനം തിരിച്ചറിയുന്നതിന്.
- കഥാപാത്രത്തിന്റെ ജീവിതവീക്ഷണം, സ്വഭാവസവിശേഷതകൾ എന്നിവ തിരിച്ചറിയുന്നതിന്.
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിക്കുന്നതിന്.
- ആശയവ്യക്തതയോടെ യുക്തമായ ഭാഷയിൽ ക്രമീകരിച്ച് അവതരിപ്പിക്കുന്നതിന്.

കൂട്ടുകാരേ

ഇനി നമുക്കൊരു പദപ്രശ്നക്കളി കളിച്ചാലോ ?

ചുവടെയുള്ള കളങ്ങളിൽ എട്ടാം ക്ലാസ് അടിസ്ഥാന പാഠാവലിയിലെയും കേരള പാഠാവലിയിലെയും പാഠഭാഗങ്ങളുടെ പേരുകൾ ഒളിച്ചിരിക്കുന്നുണ്ട്. അവ കണ്ടെത്തിയെഴുതൂ...

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| തേ | | മാ | ണി | ക്യ | വീ | ണ | | | | |
| അ | ൻ | | | തു | | വ | | ർ | | ഷം |
| മ്മ | | ക | | | വ | ഴി | യാ | ത്ര | | കീ |
| മ്മ | | | നി | ൻ | | | | | | ർ |
| കു | പ്പാ | യം | ച്ച | പു | തു | വ | ർ | ഷം | | ത്തി |
| പെ | രു | ന്ത | ച്ച | ൻ | | | | | | മു |
| | രു | | ആ | വാ | ഴ | വെ | ട്ട് | | | ദ്ര |
| പെ | | എ | ണ്ണ | നി | റ | ച്ച | ക | ര | ണ്ടി | |

കുട്ടികൾ പാഠഭാഗങ്ങളുടെ പേരുകൾ കണ്ടെത്തിയെഴുതുന്നു.

അധ്യാപിക അവ ചാർട്ട് ചെയ്യുന്നു.

ഒന്നുരണ്ട് കുട്ടികളോട് വായിക്കാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ വായിക്കുന്നു.


**പ്രവർത്തനക്കാർഡ്**

- താഴെ കൊടുത്തിട്ടുള്ള പദപ്രശ്നക്കളിയിൽ നിന്ന് കഥാപാത്രങ്ങളെ കണ്ടെത്തിയെഴുതുക.

| | | | | | |
|---|---|---|---|---|---|
| ശ്രീ | | കു | ചേ | ല | ൻ |
| | ക്യ | ക | ർ | ണ | ൻ |
| മ | | ഷ്ണ | | പൂ | അ |
| ർ | | | ൻ | വാ | മ്മ |
| ക്കോ | റാ | ഹേ | ൽ | ലി | മ്മ |
| സ് | | അ | ഴ | ക | ൻ |
| വ | ന | ഗാ | യ | ക | ൻ |

കൂട്ടുകാർ ഇവിടെ നിരവധി കഥാപാത്രങ്ങളെ കണ്ടെത്തിയല്ലോ. 'ആ വാഴവെട്ട്' എന്ന പാഠത്തിലെ മർക്കോസ് എന്ന കഥാപാത്രത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

പദസൂര്യൻ പൂർത്തിയാക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു.




കുട്ടികൾ പദസൂര്യൻ പൂർത്തിയാക്കുന്നു.

മികവിന്റെ അടിസ്ഥാനത്തിൽ അധ്യാപിക ക്രോഡീകരിക്കുന്നു.

തുടർന്ന് സൂചകങ്ങളുടെ അടിസ്ഥാനത്തിൽ കഥാപാത്ര നിരൂപണം

തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.

**സൂചകങ്ങൾ :**

- കഥാപാത്രത്തിന്റെ സ്ഥാനം തിരിച്ചറിഞ്ഞിട്ടുണ്ട്.
- കഥാപാത്രത്തിന്റെ ജീവിതവീക്ഷണം, സ്വഭാവസവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

തുടർന്ന് ബെഞ്ച്ഗ്രൂപ്പിൽ വിലയിരുത്തലും അധ്യാപികയുടെ ക്രോഡീകരണവും.

(എഡിറ്റിംഗ് സാധ്യതകൾ, ചിഹ്നനം, ഖണ്ഡികാകരണം എന്നിവയുടെ സാധ്യതകൾ പ്രയോജന പ്പെടുത്തണം)

**പ്രവർത്തനക്കാർഡ്**

- കഥാപാത്ര നിരൂപണം തയ്യാറാക്കൽ
  വനഗായകൻ (തേൻകനി)

**പ്രവർത്തനം 7**

**ആസ്വദിക്കാം**
**ആസ്വാദനമെഴുതാം**

**ശേഷികൾ, ധാരണകൾ**

- കഥയുടെ പ്രമേയം തിരിച്ചറിഞ്ഞിട്ടുണ്ട്
- ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്
- കാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്
- ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്

കൂട്ടുകാരേ

കഴിഞ്ഞ ദിവസങ്ങളിൽ കുരുവിയുടെയും പൂച്ചയുടെയും സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കഥ നമ്മൾ അറിഞ്ഞതാണല്ലോ....

ഇന്ന് മറ്റൊരു കഥ വായിച്ചാലോ?

## ആനയും ഉറുമ്പും

ശത്രുവിനെ നിസ്സാരനായി കണ്ടാൽ എന്തുപറ്റും? ഈ കഥയിലെ കൊമ്പനാനയ്ക്ക് പറ്റിയതുതന്നെ പറ്റും.

മരച്ചുവട്ടിലെ പൊത്തിൽ കട്ടുറുമ്പും മക്കളും മരുമക്കളുമൊക്കെയായി കുറേപ്പേർ താമസിച്ചിരുന്നു. അവർ ഒരുനാൾ പൊത്തിൽ നിന്നിറങ്ങി കാറ്റുകൊണ്ടിരിക്കേ അഹങ്കാരിയായ ഒരു കൊമ്പനാന ആ വഴി വന്നു. അവൻ ഉറുമ്പുകളെ കണ്ടെങ്കിലും തെല്ലും വകവയ്ക്കാതെ മുന്നോട്ടു നടന്നു. അവന്റെ മന്തൻ കാലിനടിയിൽ പെട്ട് കുറെ പാവം ഉറുമ്പുകൾ ചത്തടിഞ്ഞു. വേറേ ചില ഉറുമ്പുകൾക്ക് ഗുരുതരമായ പരിക്കേറ്റു. കട്ടുറുമ്പിന് ഇതുകണ്ട് ദേഷ്യവും സങ്കടവുമൊക്കെ തോന്നി. അവൻ മുന്നോട്ടുചെന്ന് കൊമ്പനാനയോടു ചോദിച്ചു:

''ഏയ്, നിങ്ങളെന്തു മര്യാദകേടാണ് ഈ കാണിച്ചത്? ഒരു തെറ്റും ചെയ്യാത്ത എത്രയോ പാവങ്ങളെയാണ് നിങ്ങൾ കൊന്നുകളഞ്ഞത്?''

കൊമ്പനാനയ്ക്ക് ഈ ചോദ്യം ഒട്ടും ഇഷ്ടപ്പെട്ടില്ല. അവനൊന്ന് തിരിഞ്ഞുനിന്ന് അമറിക്കൊണ്ടു പറഞ്ഞു:

''എനിക്കേ നിന്റെ ഉപദേശമൊന്നും വേണ്ട. എന്താണ് ചെയ്യേണ്ടതെന്ന് എനിക്ക് നന്നായറിയാം.''

കൊമ്പനാനയുടെ അഹങ്കാരം കട്ടുറുമ്പിനെ ശുണ്ഠിപിടിപ്പിച്ചു. ഇവനെ അങ്ങനെ വിട്ടാൽ പറ്റില്ലെന്നു ചിന്തിച്ച് കട്ടുറുമ്പ് ചാടി ആനയുടെ തുമ്പിക്കൈയ്ക്കുള്ളിൽ കയറിക്കൂടി. തുമ്പിക്കൈയുടെ ദ്വാരത്തിലൂടെ അവൻ പാഞ്ഞുകയറി ആനയുടെ നെറ്റിത്തടത്തിലെത്തി. അവിടെയിരുന്ന് അവൻ ഒറ്റക്കടി! കൊമ്പനാന വേദനകൊണ്ടു പുളഞ്ഞു. ഭ്രാന്തുപിടിക്കുന്നതുപോലെ ആനയ്ക്കു തോന്നി. അവൻ തലയാട്ടിയും ശരീരമിളക്കിയും നോക്കിയിട്ടും കട്ടുറുമ്പ് പിടിവിട്ടില്ല. കണ്ണുനിറഞ്ഞ് അവൻ വിളിച്ചു പറഞ്ഞു: ''പൊന്നുകട്ടുറുമ്പേ, ദയവായി നീയെന്റെ മൂക്കിൽ നിന്ന് പുറത്തിറങ്ങ്''.

''ഇറങ്ങാം. പക്ഷേ ഇനി ഞങ്ങളെ ഉപദ്രവിക്കില്ലെന്ന് വാക്കുതരണം.'' കട്ടുറുമ്പ് വ്യവസ്ഥവെച്ചു.

കൊമ്പനാന ആ ഉറപ്പ് അവനുനൽകി. ആ നിമിഷം കട്ടുറുമ്പ് തുമ്പിക്കൈയിൽ നിന്ന് പുറത്തിറങ്ങുകയും ചെയ്തു.

(മണ്ണാങ്കട്ട

കേരളം കേട്ട നാടോടിക്കഥകൾ)

അധ്യാപിക ഭാവാത്മകമായി കഥ വായിക്കുന്നു.

തുടർന്ന് കഥയുടെ പ്രിന്റ് നൽകി ഗ്രൂപ്പടിസ്ഥാനത്തിൽ കുട്ടികളോട് മൗനവായന നടത്താൻ ആവശ്യപ്പെടുന്നു.

കുട്ടികൾ വായിക്കുന്നു.

ഓരോ ഗ്രൂപ്പിൽ നിന്നും ഒന്നോ രണ്ടോ കുട്ടികൾ ഭാവാത്മകമായി വായിക്കുന്നു.

മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തുന്നു.

തുടർന്ന് അധ്യാപിക കൂട്ടിച്ചേർക്കുകയും ആശയക്രോഡീകരണം നടത്തുകയും ചെയ്യുന്നു.

കുട്ടികളോട് ഗ്രൂപ്പടിസ്ഥാനത്തിൽ സൂചകങ്ങൾ വിലയിരുത്തി കഥയുടെ ആശയം എഴുതാൻ ആവശ്യപ്പെടുന്നു.

**സൂചകങ്ങൾ :**

- കഥയുടെ ആശയം തിരിച്ചറിയാൻ
- ആസ്വാദനാംശങ്ങൾ തിരിച്ചറിയാൻ
- സ്വന്തം നിരീക്ഷണം അവതരിപ്പിക്കാൻ
- കാലിക പ്രസക്തി തിരിച്ചറിയാൻ
- ആശയവ്യക്തതയോടെ ആവിഷ്കരിക്കാൻ

തുടർന്ന് കുട്ടികളുടെ രചനകൾ വ്യക്തിപരമായും ഗ്രൂപ്പടിസ്ഥാനത്തിലും എഡിറ്റിങ്ങിന് വിധേയമാക്കുന്നു.

**പ്രവർത്തനക്കാർഡ്**

- കുപ്പായം എന്ന ചെറുകഥയ്ക്ക് ആസ്വാദനം തയ്യാറാക്കൽ

## പ്രവർത്തനം 8

## ഉപന്യാസം എഴുതാം
## ഖണ്ഡികാകരണം അറിയാം

**ശേഷികൾ, ധാരണകൾ**

- വിഷയവുമായി ബന്ധപ്പെട്ട് പ്രസക്തമായ ആശയം ഉൾക്കൊള്ളാൻ
- സമകാലികപ്രസക്തി തിരിച്ചറിയാൻ
- സ്വന്തം നിരീക്ഷണങ്ങൾ യുക്തിപൂർവം അവതരിപ്പിക്കാൻ
- ആശയവ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിക്കാൻ

കൂട്ടുകാരേ

നമുക്കിന്ന് ഉപന്യാസത്തിന്റെ പ്രത്യേകതകളെക്കുറിച്ച് അറിയാം.

അധ്യാപിക ഒരു ഉപന്യാസം ഗ്രൂപ്പടിസ്ഥാനത്തിൽ നൽകുന്നു.

(ക്ലാസ്റൂം സാഹചര്യത്തിനനുസരിച്ച് അനുയോജ്യമായ ഉപന്യാസം നൽകണം)

കുട്ടികൾ മൗനവായന നടത്തുന്നു.

തുടർന്ന് ഒന്നോരണ്ടോ കുട്ടികളെക്കൊണ്ട് ശ്രാവ്യവായന നടത്തിക്കുന്നു.

അധ്യാപിക ചോദ്യങ്ങൾ ചാർട്ടിൽ അവതരിപ്പിക്കുന്നു.

**ചോദ്യങ്ങൾ**

- ഈ ഉപന്യാസത്തിലെ പ്രധാന ആശയം ഏതാണ് ?
- ഉപ ആശയങ്ങൾ എന്തെല്ലാം ?
- ആദ്യഖണ്ഡികയ്ക്ക് പറയുന്ന പേരെന്ത് ?
- അവസാന ഖണ്ഡികയ്ക്ക് പറയുന്ന പേരെന്ത് ?

കുട്ടികളുടെ മറുപടിയെത്തുടർന്ന് അധ്യാപിക ക്രോഡീകരിക്കുന്നു.

തുടർന്ന് ഉപന്യാസത്തിലെ പ്രധാന ആശയവും ഉപ ആശയങ്ങളും എഴുതാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ എഴുതുന്നു.

കുട്ടികളുടെ അവതരണവും ഗ്രൂപ്പടിസ്ഥാനത്തിൽ മെച്ചപ്പെടുത്തലും

തുടർന്ന് അധ്യാപിക കൂട്ടിച്ചേർക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നു.

**എന്താണ് ഖണ്ഡികാകരണം ?**

ഖണ്ഡികാകരണം എന്നാൽ അടുക്കിവയ്ക്കൽ എന്നർഥം. നിങ്ങൾ കമ്പ്യൂട്ടറിൽ ഫോൾഡറുകൾ നിർമിക്കാറുണ്ടല്ലോ. ആ ഫോൾഡറുകളിൽ ഫയലുകൾ അടുക്കി വയ്ക്കുകയാണ് ചെയ്യാറ്.

അതുപോലെ ഒരു പ്രധാന ആശയത്തെ ഉപ ആശയങ്ങൾ ചേർത്ത് അടുക്കി വയ്ക്കുന്ന പ്രവർത്തനമാണ് ഖണ്ഡികാകരണം

**ഖണ്ഡിക തിരിക്കുന്നത് എങ്ങനെ?**

ഒരു പ്രധാന ആശയത്തിന് ഒന്നിലധികം ഉപ ആശയങ്ങൾ ഉണ്ടായിരിക്കും. അങ്ങനെയുള്ള ഒന്നോ ഒന്നിലധികമോ ഉപ ആശയങ്ങൾ ചേർത്താണ് ഓരോ ഖണ്ഡികയായി തിരിക്കേണ്ടത്.

ഉപ ആശയങ്ങളുമായി ബന്ധപ്പെട്ട ശൈലികൾ, പ്രയോഗങ്ങൾ, ഉദ്ധരണികൾ തുടങ്ങിയവ അതത് ഖണ്ഡികകളിൽ ഉൾപ്പെടുത്തണം.

**പ്രവർത്തനക്കാർഡ്**

- 'കിട്ടുംപണമെങ്കിലിപ്പോൾ' എന്ന പാഠഭാഗത്തിന് ഉപന്യാസം തയ്യാറാക്കൽ

**പ്രവർത്തനം 9**

**കവിതയറിയാം**
**കുറിപ്പെഴുതാം**

**ശേഷികൾ, ധാരണകൾ**

- കവിതയുടെ ആശയം തിരിച്ചറിയുന്നതിന്
- ആസ്വാദനാംശങ്ങൾ കണ്ടെത്തുന്നതിന്
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന്
- കാലികപ്രസക്തി തിരിച്ചറിയുന്നതിന്
- ആശയ വ്യക്തതയോടെ ക്രമീകരിച്ച് അവതരിപ്പിക്കുന്നതിന്

കൂട്ടുകാരേ

നിങ്ങൾ മൂന്നാം ക്ലാസിൽ പഠിച്ച മനോഹരമായ ഒരു കവിത കേട്ടു നോക്കിയാലോ?

അധ്യാപിക കവിത പാടുന്നു/ഓഡിയോ കേൾപ്പിക്കുന്നു.

നക്ഷത്രമൊന്നിനെക്കാട്ടി - വാനം
മുക്കുറ്റിയോടു ചോദിച്ചു
ഉണ്ടോ ഒരെണ്ണമിവ്വണ്ണം - നിന
ക്കെന്നോടു മത്സരം കൂടാൻ
താണു പോയല്ലോ ശിരസ്സ് - ചെടി
യ്ക്കീറനായല്ലോ മിഴികൾ
ഇല്ലായ്മയെന്തുള്ളൂ പാരിൽ
അന്നേരമുണ്ടോ ശിരസ്സിൽ - ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ
രത്നം പതിച്ചതുപോലെ - അതിൻ
കാന്തിയെങ്ങും ചിതറുന്നു
കണ്ണഞ്ചുമാറായി വ്യോമം - മണ്ണിൽ
അത്രയുണ്ടാവുമോ ചന്തം
നക്ഷത്രമെത്ര നിസ്സാരം - ഇതാ
ഭൂമിയിലെ പൊന്നുതാരം
അത്രയും താഴ്മയിൽ നിന്നേ - വരൂ
ഇത്രയ്ക്കഴകു പൂവിന്നും.

**നക്ഷത്രവും പൂവും**
(വീരാൻകുട്ടി)

അധ്യാപിക കവിത ആലപിക്കുന്നു.

കുട്ടികൾ ശ്രദ്ധയോടെ കേൾക്കുന്നു.

തുടർന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ  കുട്ടികൾക്ക് കവിത നൽകുന്നു.

ഓരോ ഗ്രൂപ്പിൽ നിന്നും ഒന്നോ രണ്ടോ കുട്ടികൾ കവിത ആലപിക്കുന്നു.

തുടർന്ന് കവിതയിലെ പ്രധാനാശയം കുറിക്കാൻ ആവശ്യപ്പെടുന്നു.

കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ കുറിക്കുന്നു.

തുടർന്ന് ഗ്രൂപ്പടിസ്ഥാനത്തിൽ ഒന്നോ രണ്ടോ കുട്ടികൾ അവതരിപ്പിക്കുന്നു.

സൂചകങ്ങളുടെ അടിസ്ഥാനത്തിൽ അധ്യാപിക കൂട്ടിച്ചേർക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്നു.

**സൂചകങ്ങൾ**

- കവിതയുടെ ആശയതലം ഉൾക്കൊണ്ടിട്ടുണ്ട്.
- പ്രയോഗങ്ങളുടെ ഔചിത്യം, ധ്വനി, ഭംഗി എന്നിവ വിശദമാക്കിയിട്ടുണ്ട്.
- സ്വന്തം നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.
- സമകാലിക പ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.
- ആശയങ്ങൾ ക്രമീകരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

**പ്രവർത്തനക്കാർഡ്**

- കുറിപ്പ് തയ്യാറാക്കൽ

'ബഷീർ എന്ന ബല്യ ഒന്ന്' എന്ന കവിതയ്ക്ക് കുറിപ്പ് തയ്യാറാക്കൽ

**പ്രവർത്തനം - 10**

**ചിത്രം വാങ്മയചിത്രം**

**ശേഷികൾ, ധാരണകൾ**

- വാക്കുകൾകൊണ്ട് വ്യക്തികൾ/ദൃശ്യങ്ങൾ എന്നിവയുടെ രൂപം ഭാവം എന്നിവ അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

കൂട്ടുകാരേ,


നമുക്കിന്ന് നിങ്ങൾ മുൻക്ലാസിൽ കൂട്ടുകൂടിയ ടോട്ടോച്ചാന്റെ അടുത്തേക്ക് ഒന്നുകൂടി പോയാലോ എന്ന് അധ്യാപിക ചോദിക്കുന്നു.

തുടർന്ന് ടോട്ടോച്ചാൻ എന്ന പുസ്തകത്തിലെ ജനാലയ്ക്കരികിലെ വികൃതിക്കുട്ടി എന്ന ഭാഗം ഗ്രൂപ്പടിസ്ഥാനത്തിൽ ഭാവാത്മക വായനയ്ക്ക് നൽകുന്നു.

കുട്ടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ വായിക്കുന്നു.

ഒരു ഗ്രൂപ്പിന്റെ അവതരണം മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. തുടർന്ന് അധ്യാപിക ക്രോഡീകരിക്കുന്നു.

തുടർന്ന് ചാർട്ടിൽ ആശയപടം പ്രദർശിപ്പിക്കുന്നു.




ഈ ആശയപടം അടിസ്ഥാനമാക്കി, വായിച്ച പ്രധാനകാര്യങ്ങൾ ഉൾക്കൊള്ളിച്ച് ടോട്ടോചാൻ എന്ന കഥാപാത്രത്തിന്റെ വാങ്മയചിത്രം തയാറാക്കാൻ ആവശ്യപ്പെടുന്നു.

**വാങ്മയചിത്രം** : വാക്കുകൾകൊണ്ട് ഒരാളുടെ /ഒരു പ്രദേശത്തിന്റെ രൂപം/ഭാവം എന്നിവ അവതരിപ്പിക്കുന്നത്. വായിക്കുന്നവർക്ക് ഒരു ചിത്രത്തിലെന്നപോലെ ഇത് അനുഭവപ്പെടുന്നു.

വാങ്മയ ചിത്രം ഒന്നോ രണ്ടോ കുട്ടികൾ അവതരിപ്പിക്കുന്നു. തുടർന്ന് ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു. ഓരോ ഗ്രൂപ്പിലെയും മികച്ച കുറിപ്പുകൾ അവതരിപ്പിക്കുന്നു മികവിന്റെ കാരണങ്ങൾ അധ്യാപിക ക്രോഡീകരിക്കുന്നു.

**പ്രവർത്തനക്കാർഡ്**

'രണ്ടു മത്സ്യങ്ങൾ' എന്ന കഥയിലെ ശ്രദ്ധേയങ്ങളായ വാങ്മയ ചിത്രങ്ങൾ കണ്ടെത്തി അവയുടെ സവിശേഷതകൾ വിശദീകരിക്കുക..

***************************